കേരള സർക്കാർ

നം. 204/എഫ്.എം.3/2020/തസ്വഭവ

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
തിരുവനന്തപുരം, തീയതി: 05/10/2020

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- കേന്ദ്രസർക്കാരിന്റെ eGramSwaraj പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന:- കേന്ദ്ര പഞ്ചായത്ത് രാജിൽ നിന്നുള്ള 09/09/2020 ലെ F.No.M-11015/251/2020-FD നമ്പർ കത്ത്.

2020-21 വാർഷിക പദ്ധതിയിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ള പ്രോജക്ടുകൾ കേന്ദ്രസർക്കാരിന്റെ മോണിട്ടറിംഗിന് വിധേയമാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സുലേഖ ആപ്ലിക്കേഷനിൽ നിന്നും **eGramSwaraj** പോർട്ടലിലേയ്ക്ക് പ്രോജക്ടുവിവരങ്ങൾ നൽകേണ്ടതുണ്ട്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിനായി മേൽ നിബന്ധന കർശനമായി പാലിക്കേണ്ട സാഹചര്യത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും **<u>10/10/2020 നുള്ളിൽ</u>** പ്രോജക്ടുകൾ **eGramSwaraj** പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്തിരിക്കേണ്ടതാണ്. അപ് ലോഡ് ചെയ്യുന്നതു എങ്ങനെ എന്ന് വ്യക്തമാക്കുന്ന കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

എല്ലാ ഗ്രാമപഞ്ചായത്തുകളും സർക്കാർ നിർദ്ദേശാനുസരണം പ്രോജക്ടുകൾ സമയപരിധിക്കുള്ളിൽ അപ്‌ലോഡ് ചെയ്യുന്നുവെന്ന് പഞ്ചായത്ത് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

**<u>ഗ്രാമപഞ്ചായത്തുകൾ സമയ നിബന്ധന കർശനമായി പാലിക്കേണ്ടതാണ്.</u>**

**ശാരദ മുരളീധരൻ ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന ലഭ്യമാക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

S. Bindu

സെക്ഷൻ ഓഫീസർ.

# Sulekha –eGramSwaraj-Integration(ആദ്യഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകൾ മാത്രം)

2020-21 വാർഷിക പദ്ധതിയിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻഗ്രാൻറ് വകയിരുത്തിയിട്ടുള്ള പ്രോജക്ടുകള് കേന്ദ്രസർക്കാരിൻറെ മോണിട്ടറിംഗിന് വിധേയമാക്കേണ്ട നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ സുലേഖ ആപ്ലിക്കേഷനിൽ നിന്നും **eGramSwaraj** പോർട്ടലിലേയ്ക്ക് പ്രോജക്ടവിവരങ്ങൾ നൽകേണ്ടതുണ്ട്.

ഇതിനായി സുലേഖ ആപ്ലിക്കേഷനിൽ സെക്രട്ടറി ലോഗിനിൽ സെറ്റിംഗ്സ് ടാബിൽ **eGramSwaraj** എന്ന മെനു ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ധനകാര്യ കമ്മീഷൻ അടിസ്ഥാനവിഹിതവും,പ്രത്യേക ഉദ്ദേശ ഗ്രാൻറും ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ ലിസ്റ്റ് ചെയ്യുന്നതാണ്.അവിടെ നിന്നും Budget,Projects,Plan എന്ന ക്രമത്തിൽ അയയ്ക്കേണ്ടതാണ്.




ധനകാര്യ കമ്മീഷൻ തുകയ്ക്ക് വാലിഡേഷൻ ശരിയായിട്ടുള്ള ലോക്കൽബോഡികൾക്ക് അയയ്ക്കാവുന്നതാണ്.

**NB:-ഒക്ടോബർ 10 ന് മുൻപായി eGramSwaraj പോർട്ടലിൽ ഇത് ലഭ്യമാകേണ്ടതാണ്**